"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം LSGD-DB1/253/2019-LSGD
തദ്ദേശസ്വയം ഭരണ(ഡി.ബി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 27/12/2019

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ-06.06.2019 ലെ ഡി.ബി.1/167/2019/ത.സ്വ.ഭ.വ നമ്പർ സർക്കുലർ-വ്യക്തത-സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (കൈ) നം.11/2018/ ത.സ്വ.ഭ.വ തീയതി : 29.01.2018
2.06.06.2019 ലെ ഡി . ബി .1/167/2019/ ത . സ്വ . ഭ . വ നമ്പർ സർക്കുലർ

സൂചന (1) ഉത്തരവ്വ പ്രകാരം പുറപ്പെടുവിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ, ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗത്തിലെ സാധാരണ വിഹിതം , പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം ലൈഫ് പാർപ്പിട സുരക്ഷാ പദ്ധതി, പിഎംഎവൈയുടെ അധിക വിഹിതം എന്നിവയുൾപ്പെടെയുള്ള പാർപ്പിട മേഖലയ്ക്ക് വകയിരുത്തണം എന്നും ഇങ്ങനെ വകയിരുത്തുമ്പോൾ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 20 ശതമാനത്തിൽ കുറയാതെ നീക്കി വയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും" നിഷ്കർഷിച്ചിണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ടി സർക്കുലറിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി വകയിരുത്തണം എന്ന് നിർദ്ദേശിച്ചിരിക്കുകയാണെന്നും സർക്കുലറിലെ മേൽ നിർദ്ദേശം പി . എം . എ . വൈ പദ്ധതിയുടെ കേന്ദ്ര സർക്കാർ വിഹിതം വകയിരുത്തേണ്ട കാര്യത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുവെന്നും ഈ സാഹചര്യത്തിൽ കേരളത്തിൽ നടപ്പാക്കുന്ന പി . എം . എ . വൈ - ലൈഫ് പദ്ധതിക്ക് അധിക വിഹിതം നൽകുന്നതിനു വേണ്ടി പദ്ധതി വിഹിതത്തിന്റെ 2 0 % വകയിരുത്തണം എന്ന് ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു .

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പി.എം.എ.വൈ പദ്ധതിയ്ക്ക്

വിഹിതം നൽകൽ ഗ്രാമപഞ്ചായത്തുകളിലെ നിർബന്ധിത പദ്ധതിയാണ്. ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന വിഹിതം ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഗ്രാമപഞ്ചായത്തുകൾ വകയിരുത്തുന്നുണ്ട്.എല്ലാ ഭവന പദ്ധതിയും നിലവിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. 20% തുക ലൈഫ് ഭവന പദ്ധതിയ്ക്ക് മാറ്റി വയ്ക്കുന്നതിൽ പി.എം.എ.വൈ - ലൈഫ് ഭവന പദ്ധതിയും ഉൾപ്പെടുന്നുണ്ട്. എന്നിരുന്നാലും പി.എം.എ.വൈ - ലൈഫ് ഭവന പദ്ധതി ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ, സൂചന(2) പ്രകാരം ലൈഫ് മിഷനു വേണ്ടി മാറ്റി വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന,പൊതു വിഭാഗത്തിലെ സാധാരണ വിഹിതം,പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നിവയുടെ ആകെ തുകയുടെ 20% തുക, പി.എം.എ.വൈ - ലൈഫ് ഭവന പദ്ധതിയുടെ അധിക തുക നൽകുന്നതിനു വേണ്ടി കൂടി വിനിയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം

PATSY STEPHEN
JOINT SECRETARY

സെക്ഷൻ ഓഫീസർക്ക് വേണ്ടി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(റൂറൽ)യുടെ പി.എയ്ക്ക്